**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2774** **10-03-2025 - ൽ മറുപടിയ്ക്ക്**

**വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വിദേശ രാജ്യങ്ങളിൽ പോസ്റ്റ് ഗ്രാജ്വേറ്റ്/പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ/തത്തുല്യ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ എന്നിവയ്ക്ക് പട്ടികജാതി വകുപ്പ് നൽകിവരുന്ന സ്കോളർഷിപ്പ് പദ്ധതിയ്ക്ക് അർഹതയുള്ള കോഴ്സുകളെയും സ്ഥാപനങ്ങളെയും സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നൽകുന്നതിനായി വകുപ്പ് നടപ്പിലാക്കിവരുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (എ) | പട്ടികജാതി വകുപ്പും ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ് ലിമിറ്റഡും(ODEPC) സംയുക്തമായാണ് വിദേശ പഠന സ്കോളർഷിപ്പ് നടപ്പിലാക്കി വരുന്നത്. ടി പദ്ധതി പ്രകാരം തെരഞ്ഞെടുക്കാവുന്ന കോഴ്സുകളെയും സ്ഥാപനങ്ങളെയും സംബന്ധിച്ച് വിദ്യാർത്ഥികൾക്കായി ODEPC മുഖാന്തിരം, സെമിനാറുകൾ, Expo, കോളേജുകൾ കേന്ദ്രീകരിച്ച് ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ വകുപ്പ് പ്രൊമോട്ടർമാർ വഴിയും വകുപ്പിന്റെ വെബ്സൈറ്റ് വഴിയും പത്ര മാധ്യമങ്ങൾ വഴിയും അറിയിപ്പ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ